പാലക്കാട്	..	0
കോഴിക്കോട്	..	4
വയനാട്	..	3
കണ്ണൂർ	..	5
കാസർഗോഡ്	..	3
ആകെ		77

(സി) 3,80,375 രൂപ ചെലവഴിച്ചു.

ലീഗൽ മെട്രോളജി വകുപ്പ് പുനഃസംഘടന

259 [2313] ശ്രീ. ജോണി നെല്ലൂർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലീഗൽ മെട്രോളജി വകുപ്പ് പുനഃസംഘടിപ്പിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) സംസ്ഥാനത്തെ വ്യാപാര സ്ഥാപനങ്ങളുടെ എണ്ണത്തിലുണ്ടായ വർദ്ധനവിനനുസരിച്ച് വകുപ്പിന്റെ ഘടനയിൽ മാറ്റം വരുത്താത്തതിനാൽ അളവ് തൂക്കങ്ങളിൽ കൃത്രിമം വർദ്ധിച്ചുവരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇക്കാര്യത്തിൽ സർക്കാർ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഇതു സംബന്ധിച്ച് നിർദ്ദേശങ്ങളൊന്നും ഇപ്പോൾ പരിഗണനയിൽ ഇല്ല.

(ബി ആന്റ് സി) നിലവിലുള്ള സംവിധാനങ്ങൾക്കു പുറമേ കൃത്രിമം തടയുന്നതിനായി ഇപ്പോൾ ഏഴ് ഫ്ളൈയിംഗ് സ്കാഡുകൾ കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു.

കേരള ഭൂപരിഷ്ക്കരണ നിയമത്തിൽ വരുത്തിയ ഭേദഗതി റദ്ദാക്കിയ നടപടി

260 [2314] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട്, മലപ്പുറം ജില്ലകളിലെ നിലവിലുള്ള കാരായ്മ, പണയപ്പാട്ടം കുടിയാന്മാർക്ക് ഭൂമിയിൽ സ്ഥിരാവകാശം സ്ഥാപിച്ച് പട്ടയം നൽകുവാൻ കേരള ഭൂപരിഷ്ക്കരണ നിയമത്തിൽ വരുത്തിയ ഭേദഗതി ഭരണഘടനാ വിരുദ്ധമെന്ന് കാണിച്ച് റദ്ദാക്കിയത് സംബന്ധിച്ച് സർക്കാരിന് നിവേദനം ലഭിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ഇതിന്മേൽ സർക്കാർ എന്തെല്ലാം നടപടികളാണ് എടുത്തിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇതിന്മേൽ ബഹു. കേരള ഹൈക്കോടതിയുടെ ഡിവിഷണൽ ബഞ്ച് പാസ്സാക്കിയ വിധിയുടെ പകർപ്പ് ഇതുവരെ സർക്കാരിൽ ലഭ്യമായിട്ടില്ല. അത് അടിയന്തിരമായി ലഭ്യമാക്കി അപ്പീൽ ഫയൽ ചെയ്യുന്നതിനുള്ള സാധ്യതകൾ പരിശോധിക്കുന്നതാണ്.

പന്ന്യന്നൂർ വില്ലേജ് ഓഫീസ് കെട്ടിടം

261 [2316] ശ്രീ. കെ. പി. മോഹനൻ: താഴെകാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ പന്ന്യന്നൂർ വില്ലേജ് ഓഫീസ് കെട്ടിടം പുതുക്കിപ്പണിയുന്നതിനുവേണ്ടി നൽകിയ നിവേദനത്തിന്മേൽ ഇതുവരെ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പണി എന്ന് തുടങ്ങുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പന്ന്യന്നൂർ ഉൾപ്പെടെ കണ്ണൂർ ജില്ലയിലെ വില്ലേജ് ഓഫീസുകളുടെ അറ്റകുറ്റപ്പണികൾക്ക് എസ്റ്റിമേറ്റ് സഹിതം സമാഹൃത പ്രൊപ്പോസൽ ലഭ്യമാക്കാൻ ലാന്റ് റവന്യൂ കമ്മീഷണറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) പ്രൊപ്പോസൽ ലഭ്യമായാൽ എത്രയും പെട്ടന്ന് മറ്റ് നടപടിക്രമങ്ങൾ പൂർത്തിയാക്കി പണി തുടങ്ങണമെന്നാണ് ഉദ്ദേശിക്കുന്നത്.

കോഴിക്കോട് ജില്ലയിലെ കുന്ദമംഗലം മണ്ഡലത്തിലെ കെട്ടിടമില്ലാത്ത വില്ലേജ് ഓഫീസുകൾ

262 [2317] ശ്രീ. യു. സി. രാമൻ: താഴെകാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കുന്ദമംഗലം നിയോജകമണ്ഡലത്തിൽ സ്വന്തമായി കെട്ടിടമില്ലാത്ത ഏതെല്ലാം വില്ലേജ് ആഫീസാണുള്ളതെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly